കടൽ കടന്ന് സഹകരണ വകുപ്പിന്റെ മൂല്യവർധിത കാർഷികോത്പന്നങ്ങൾ

ആദ്യ കണ്ടെയ്നർ മന്ത്രി വി.എൻ. വാസവൻ ഫ്ലാഗ് ഓഫ് ചെയ്തു

കൊച്ചി: സഹകരണ വകുപ്പിന്റെ മൂല്യവർധിത കാർഷികോത്പന്നങ്ങൾ ഇനി അമേരിക്കയിലും. സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങൾ ഉത്പാദിപ്പിച്ച കാർഷികോത്പന്നങ്ങൾ സഹകരണ വകുപ്പ് കയറ്റുമതി ചെയ്യാൻ ആരംഭിച്ചു. 12 ടൺ മൂല്യവർധിത കാർഷികോത്പന്നങ്ങൾ അടങ്ങുന്ന അമേരിക്കയിലേക്കുള്ള ആദ്യ കണ്ടെയ്നർ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ് ടെർമിനലിൽ മന്ത്രി വി.എൻ. വാസവൻ ഫ്ലാഗ് ഓഫ് ചെയ്തു.

തങ്കമണി സഹകരണസംഘത്തിന്റെ തേയിലപ്പൊടി, കാക്കൂർ സഹകരണസംഘത്തിന്റെ ശീതീകരിച്ച മരച്ചീനി, ഉണക്കിയ മരച്ചീനി, വാരപ്പെട്ടി സഹകരണസംഘം ഉത്പാദിപ്പിച്ച മസാലയിട്ട മരച്ചീനി, ബനാന വാക്വം ഫ്രൈ, റോസ്റ്റഡ് വെളിച്ചെണ്ണ, ഉണക്കിയ ചക്ക എന്നിവയാണ് ആദ്യമായി കയറ്റുമതി ചെയ്തത്. കേരളത്തിന്റെ കാർഷികോത്പന്നങ്ങൾക്ക് വിദേശരാജ്യങ്ങളിൽ വിപണി സ്ഥാപിക്കുന്നതിന്റെ ഭാഗമായാണു കയറ്റുമതി.

ഗുണനിലവാരമുള്ള മൂല്യവർധിത കാർഷികോത്പന്നങ്ങൾ സംസ്കരിച്ച് കയറ്റുമതിക്കായി തയാറാക്കുന്നതിന് 30 സഹകരണ സ്ഥാപനങ്ങളെയാണു സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ മൂന്ന് സഹകരണ സംഘങ്ങളിൽനിന്നുള്ള ഉത്പന്നങ്ങളാണ് ആദ്യമായി കയറ്റുമതി ചെയ്തത്. അടുത്ത മാസം 30 മുതൽ സഹകരണ സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനാണ് സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്. കോതമംഗലം ആസ്ഥാനമായുള്ള മഠത്തിൽ എക്സ്പോർട്ടേഴ്സിനാണ് ഉത്പന്നങ്ങൾ വിദേശവിപണിയിൽ എത്തിക്കാൻ ചുമതല നൽകിയിരിക്കുന്നത്. ഇന്റർനാഷണൽ ഷിപ്പിംഗ് സി ആൻഡ് എഫ് ഏജന്റ്സായ മൾട്ടി ഡയമെൻഷൽ ഫ്രൈറ്റ് എൽഎൽപി(എംഡിഎഫ്) ആണ് ഷിപ്പിംഗ് പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്.

ചടങ്ങിൽ സഹകരണ വകുപ്പ് രജിസ്ട്രാർ ടി.വി. സുഭാഷ്, കാക്കൂർ സഹകരണ ബാങ്ക് പ്രസിഡന്റ് അനിൽ ചെറിയാൻ, കയറ്റുമതി കോ-ഓർഡിനേറ്റർ എം.ജി. രാമകൃഷ്ണൻ, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ആർ.ജയൻചന്ദ്രൻ തുടങ്ങിയവരും പങ്കെടുത്തു.

അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന സഹകരണ വകുപ്പിന്റെ മൂല്യവർധിത കാർഷിക ഉത്പന്നങ്ങളുടെ ആദ്യ കണ്ടെയ്നർ മന്ത്രി വി.എൻ. വാസവൻ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ് ടെർമിനലിൽ ഫ്ലാഗ് ഓഫ് ചെയ്യുന്നു.

കയറ്റുമതിക്ക് പുതിയതായി നൂറോളം സഹകരണ സംഘങ്ങൾ

വിദേശത്തേക്ക് കയറ്റുമതി ചെയ്യാൻ മൂല്യവർധിത കാർഷിക ഉത്പന്നങ്ങൾ നൽകാൻ പുതുതായി നൂറോളം സഹകരണ സംഘങ്ങൾകൂടി രംഗത്തുവന്നതായി മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. നിലവിൽ ധാരണയായ 30 സഹകരണ സംഘങ്ങൾക്കു പുറമേയാണിത്. അവരുമായി ചർച്ചകൾ പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

കൂടുതൽ ഉത്പന്നങ്ങൾ അടുത്ത ഘട്ടത്തിൽ കയറ്റുമതി ചെയ്യും. തെരഞ്ഞെടുക്കപ്പെട്ട 30 സഹകരണ സംഘങ്ങൾക്ക് കുമരകത്ത് സർക്കാർ പരിശീലനം നൽകിയിട്ടുണ്ട്. കയറ്റുമതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കൊച്ചിയിൽ ഓഫീസ് ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു. ഏറമല സഹകരണ സംഘത്തിന്റെ തേങ്ങാപ്പാൽ, മറയൂർ ശർക്കര, മാങ്കുളം ഫാഷൻ ഫ്രൂട്ട്, അഞ്ചരക്കണ്ടി സഹകരണ സംഘത്തിന്റെ മൂല്യവർധിത ഉത്പന്നങ്ങൾ, തേങ്ങാപ്പാൽ, വെളിച്ചെണ്ണ, ആലങ്ങാടൻ ശർക്കര എന്നിവയും അടുത്ത ഘട്ടത്തിൽ കയറ്റുമതി ചെയ്യും. ക്വാളിറ്റി കെയർ ടെസ്റ്റ് വിജയിക്കുന്നതിനനുസരിച്ച് മറ്റു സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങളും കയറ്റുമതി ചെയ്യും. 420 ഉത്പന്നങ്ങൾ സഹകരണസംഘങ്ങൾ വിപണിയിലിറക്കുന്നുണ്ട്.

30 രാജ്യങ്ങളിലെ മന്ത്രിമാർ പങ്കെടുത്ത ഏഷ്യ-പസഫിക് സഹകരണ മന്ത്രിമാരുടെ ഉച്ചകോടിയിൽ ക്ഷണം ലഭിച്ച ഏക സംസ്ഥാനമാണു കേരളമെന്നും മന്ത്രി പറഞ്ഞു.

മലപ്പുറത്ത് പ്ലസ് വണ്ണിന് താത്കാലിക ബാച്ച്

സ്ഥിതി പഠിക്കാൻ രണ്ടംഗ സമിതി

തിരുവനന്തപുരം: അപേക്ഷിച്ച വിദ്യാർഥികൾക്കു പ്രവേശനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഹയർസെക്കൻഡറി പ്ലസ് വൺ പ്രവേശനത്തിനു മലപ്പുറം ജില്ലയിൽ താത്കാലിക ബാച്ചുകൾ അനുവദിക്കും. ഇത് സംബന്ധിച്ച് തത്വത്തിൽ തീരുമാനമായതായി പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി അറിയിച്ചു. പ്ലസ് വൺ പ്രവേശന പ്രതിസന്ധി സംബന്ധിച്ച് വിദ്യാർഥി സംഘടനകളുമായി നടത്തിയ ചർച്ചകൾക്കുശേഷം പത്രസമ്മേളനത്തിലാണു മന്ത്രി ഇക്കാര്യം അറിയിച്ചത്.

മലപ്പുറത്തെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ രണ്ടംഗ സമിതിയെയെയും സർക്കാർ നിയോഗിച്ചു. ഹയർസെക്കൻഡറി ജോയിന്റ് ഡയറക്ടർ (അക്കാദമിക്), മലപ്പുറം ആർഡിഡി എന്നിവരാണ് സമിതി അംഗങ്ങൾ. ഇവർ ജൂലൈ അഞ്ചിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം.

സംസ്ഥാനത്ത് മലപ്പുറത്ത് 7478 സീറ്റുകളുടെയും കാസർഗോട്ട് 252 സീറ്റുകളുടെയും പാലക്കാട്ട് 1757 സീറ്റുകളുടെയും കുറവാണ് ഉള്ളത്. മലപ്പുറത്തെ ഏഴു താലൂക്കിൽ സയൻസിനു സീറ്റ് അധികവും കൊമേഴ്സ്, ഹ്യൂമാനീറ്റിസ് വിഷയങ്ങളിൽ സീറ്റുകൾ കുറവുമാണ്. സർക്കാർ മേഖലയിൽ മലപ്പുറത്ത് ഹയർ സെക്കൻഡറി വിഭാഗത്തിൽ 85 സ്കൂളുകളും എയിഡഡ് മേഖലയിൽ 88 സ്കൂളുകളുമാണ് ഉള്ളത്. ഹയർ സെക്കൻഡറി രണ്ടാം വർഷം ഇപ്പോൾ പഠിക്കുന്നത് 66,024 വിദ്യാർഥികളാണ്.

ജൂലൈ രണ്ടിന് സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. രണ്ട്, മൂന്ന്, നാല് തീയതികളിലായി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം. തുടർന്ന് ഈ ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തും. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർഥികൾക്കും പ്രവേശനം ഉറപ്പാക്കും. ഇതിനകം ക്ലാസ് നഷ്ടമാകുന്ന വിദ്യാർഥികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകി പഠനവിടവ് നികത്താനുള്ള എല്ലാവിധ സംവിധാനങ്ങളും ഒരുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ജൂലൈ മൂന്നിലെ പരീക്ഷകൾ മാറ്റിവയ്ക്കണം: എസ്എംവൈഎം

കൊച്ചി: ജൂലൈ മൂന്നിനു നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവിധ യൂണിവേഴ്സിറ്റികളുടെയും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലെയും പരീക്ഷകൾ മാറ്റിവയ്ക്കണമെന്നു സീറോമലബാർ യൂത്ത് മൂവ്മെന്റ് (എസ്എംവൈഎം) ആവശ്യപ്പെട്ടു. അന്നേദിവസം അഫിലിയേറ്റഡ് കോളജുകളിൽ വിവിധ കോഴ്സുകളുടെ റഗുലർ, സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതു പ്രതിഷേധാർഹമാണെന്നും സംസ്ഥാന പ്രസിഡന്റ് അലക്സ് തോമസ് പുളിമൂട്ടിൽ ചൂണ്ടിക്കാട്ടി. ഓൺലൈനായി നടന്ന യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, ജനറൽ സെക്രട്ടറി അഖിൽ ചാലിൽ, വൈസ് പ്രസിഡന്റ് അഡ്വ. പ്രതീക്ഷ രാജ്, അലൻ ജോളി, ആഗി മരിയ, അനുമരിയ, നിഖിൽ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള. ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ **1) M/s ഡെൽകോൺ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്,** മുല്ല മാൻഷൻ, പി.ബി. നമ്പർ.47, ഷാഹ്പൂർ, മാരുതി ക്ഷേത്രത്തിന് സമീപം, പോണ്ട, പനാജി, ഗോവ, ഇന്ത്യ-403401. കൂടാതെ 11/413, ചട്ടഞ്ചാൽ, തെക്കിൽ പിഒ, കാസർകോട്, കേരളം, ഇന്ത്യ-671541. ജാമ്യക്കാരായ: **2) ശ്രീമതി കദീജ അഹമ്മദ്,** W/o. പരേതനായ ടി.ഡി. അഹമ്മദ് മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, ചെങ്കള പി.ഒ., കാസർകോട്, കേരളം, ഇന്ത്യ-671541. **3) ശ്രീ ഹസ്സൻ ബസ്രി ടി.ഡി,** S/o പരേതനായ ടി.ഡി.അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **4) ശ്രീ ടി.ഡി.മുനീർ,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541, **5) ശ്രീ. മുഹമ്മദ് ഷഫീഖ് ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **6) ശ്രീ. മുഹമ്മദ് നൗഫൽ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, ഡെൽക്കോ ഹൗസ്, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **7) ശ്രീ. കാദരിപാഷ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **8) ഫാത്തിമത്ത് തഫ്സീറ ടി.ഡി,** D/o പരേതനായ ടി.ഡി. അഹമ്മദ് മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 23.06.2024ന് കിട്ടുവാനുള്ള തുകയായ **16,36,07,117.76 (പതിനാറ് കോടി മുപ്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി ഒരുനൂറ്റിപ്പതിനേഴ് രൂപ എഴുപത്തിയാറ് പൈസ മാത്രം)** കൂടാതെ തുടർന്നുള്ള പലിശയും മറ്റു ചിലവുകളും തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതാക്കെയാണോ എന്ന അടിസ്ഥാനത്തിൽ **22.07.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നമ്പർ 1: **വസ്തു ഉടമയുടെ പേര്:** ശ്രീ ടി ഡി അഹമ്മദിന്റെ നിയമപരമായ അവകാശികൾ **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 255/1പിടി, ഉദുമ എസ്.ആർ.ഒ യിൽ 14.07.1983ന് രജിസ്റ്റർ ചെയ്ത 1473/1983 ഭാഗപത്ര ആധാരപ്രകാരം 05.09.2008ന് രജിസ്റ്റർ ചെയ്ത 3648/2008 ഒഴിമുറി ആധാരപ്രകാരവും 02.05.2012ന് രജിസ്റ്റർ ചെയ്ത 1923/2012 ഒഴിമുറി ആധാരപ്രകാരവും, 19.03.2014ന് രജിസ്റ്റർ ചെയ്ത 1137/2014 ഒഴിമുറി ആധാരപ്രകാരവും ടി.ഡി.അഹമ്മദിന്റെ (പരേതൻ) & അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളായ ശ്രീ. ടി.ഡി മുനീർ, ശ്രീ.ഹസ്സൻ ബസ്രി ടി.ഡി, ശ്രീ.മുഹമ്മദ് ഷഫീഖ് ടി.ഡി, ശ്രീമതി ഫാത്തിമത്ത് തഫ്സീറ ടി ഡി, ശ്രീ. കാദരിപാഷ ടി ഡി, ശ്രീ. മുഹമ്മദ് നൗഫൽ ടി ഡി, ശ്രീമതി. കദീജ അഹമ്മദ്, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 66.97 സെന്റ് (NHAI ഏറ്റെടുക്കുന്നതിന് മുമ്പ് 92 സെന്റ്) സ്ഥലം. **അതിർത്തികൾ (ആധാരപ്രകാരം):** വടക്ക്: മല്ലത്ത് മുഹമ്മദിന്റെ സ്ഥലം, തെക്ക്: ടി ഡി അബ്ദുല്ലയുടെ സ്ഥലം, കിഴക്ക്: ടി ഡി അഹമ്മദിന്റെ സ്ഥലം, പടിഞ്ഞാറ്: എൻഎച്ച് റോഡ്. **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം:** വടക്ക്: തോട്, തെക്ക്: സാഹിയുടേയും മറ്റുള്ളവരുടെയും സ്ഥലം, കിഴക്ക്: സ്വന്തം സ്ഥലം, പടിഞ്ഞാറ്: എൻഎച്ച് റോഡ്.

കരുതൽ വില:	2,97,00,000 (രണ്ട് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ മാത്രം)
നിരതദ്രവ്യം (EMD):	29,70,000 (ഇരുപത്തൊമ്പത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) (EMD 20.07.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്)
ബിഡ് ഇൻക്രിമെന്റ് തുക:	10,000 (പത്തായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും:	22.07.2024ന് രാവിലെ 10 മുതൽ 11 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:	06.12.2023 വരെ ബാധ്യതകൾ ഇല്ല.

ഐറ്റം നമ്പർ 2: **വസ്തു ഉടമയുടെ പേര്:** ശ്രീ ടി ഡി അഹമ്മദിന്റെ നിയമപരമായ അവകാശികൾ **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 255/1പിടി, ഉദുമ എസ്.ആർ.ഒ യിൽ 19.07.1983ന് രജിസ്റ്റർ ചെയ്ത 1512/1983 വിൽപ്പന ആധാരപ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ഏകദേശം 4840 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ബിൽഡിംഗ് അടക്കം (ഡോർ നം. VII/544, 545) ടി.ഡി.അഹമ്മദിന്റെ (പരേതൻ) & അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളായ ശ്രീ. ടി.ഡി മുനീർ, ശ്രീ.ഹസ്സൻ ബസ്രി ടി.ഡി, ശ്രീ.മുഹമ്മദ് ഷഫീഖ് ടി.ഡി, ശ്രീമതി ഫാത്തിമത്ത് തഫ്സീറ ടി ഡി, ശ്രീ. കാദരിപാഷ ടി ഡി, ശ്രീ. മുഹമ്മദ് നൗഫൽ ടി ഡി, ശ്രീമതി. കദീജ അഹമ്മദ്, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 100 സെന്റ് (അതായത് 40.47 ആർസ്) സ്ഥലം. **അതിർത്തികൾ (ആധാരപ്രകാരം):** വടക്ക്: മല്ലത്ത് മുഹമ്മദിന്റെ സ്ഥലം, തെക്ക്: ടി.ഡി. അബ്ദുള്ളയുടെ സ്ഥലം, കിഴക്ക്: ശങ്കരന്റെയും മറ്റുള്ളവരുടെയും കൈവശമുള്ള സ്ഥലം, പടിഞ്ഞാറ്: ആയിഷാബിയുടെയും മറ്റുള്ളവരുടെയും കൈവശമുള്ള സ്ഥലം. **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം:** വടക്ക്: സക്കിനയുടെ സ്ഥലം, തെക്ക്: ടി ഡി അഹമ്മദിന്റെയും മറ്റുള്ളവരുടെയും അതേ കൈവശ സ്ഥലം, കിഴക്ക്: റീസർവ്വെ നമ്പർ: 255/2, പടിഞ്ഞാറ്: സ്വകാര്യ റോഡ്, സ്വന്തം സ്ഥലം.

കരുതൽ വില:	3,23,00,000 (മൂന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ മാത്രം)
നിരതദ്രവ്യം (EMD):	32,30,000 (മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) (EMD 20.07.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്)
ബിഡ് ഇൻക്രിമെന്റ് തുക:	10,000 (പത്തായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും:	22.07.2024ന് രാവിലെ 11.30 മുതൽ 12.30 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:	06.12.2023 വരെ ബാധ്യതകൾ ഇല്ല.

ഐറ്റം നമ്പർ 3: **വസ്തു ഉടമയുടെ പേര്:** ശ്രീ. ടി ഡി മുനീർ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 247/1 എ പിടി (21.50സെന്റ്), റീസർവ്വെ നം. 247/2 എ പിടി (2.001 സെന്റ്), റീസർവ്വെ നം. 247/3 പിടി (19.50 സെന്റ്), ഉദുമ എസ്.ആർ.ഒ യിൽ 24.10.2016ന് രജിസ്റ്റർ ചെയ്ത 3213/2016 ധനനിശ്ചയ ആധാരപ്രകാരം ശ്രീ. മുനീർ ടി ഡി യുടെ ഉടമസ്ഥതയിലുള്ള പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 43 സെന്റ് (അതായത് 17.40 ആർസ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: ബെണ്ടിച്ചാൽ മൊയ്തീന്റെ സ്ഥലം, തെക്ക്: പഞ്ചായത്ത് റോഡ്, കിഴക്ക്: ടി ഡി അഹമ്മദിന്റെ (പരേതൻ) സ്ഥലം, പടിഞ്ഞാറ്: ഷഫീഖ് ടി ഡിയുടെ സ്ഥലം.

കരുതൽ വില:	72,00,000 (എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം)
നിരതദ്രവ്യം (EMD):	7,20,000 (ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) (EMD 20.07.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്)
ബിഡ് ഇൻക്രിമെന്റ് തുക:	10,000 (പത്തായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും:	22.07.2024ന് ഉച്ചക്ക് 1.00 മുതൽ 2.00 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ:	06.12.2023 വരെ ബാധ്യതകൾ ഇല്ല.

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: 0497 2713234/2713235, 8826904358) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് ചെർക്കള 04994 284800, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി 8848659770 എന്ന നമ്പറിലൊ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 24.06.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

C2406-534188

ടി.പിയെ വീണ്ടും വെട്ടി

- പ്രതിപക്ഷത്തെ സഭയിൽ മിണ്ടാൻ അനുവദിക്കാതെ സ്പീക്കർ
- പ്രതിഷേധത്തിൽ നിയമസഭ സ്തംഭിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനത്തിനെതിരേ പ്രതിപക്ഷത്തെ കെ. കെ. രമ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് തള്ളി സ്പീക്കർ എ.എൻ. ഷംസീർ. ടി.പി. കേസിലെ പ്രതികളെ ഭയന്നാണു മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കേണ്ട കാര്യങ്ങൾ സ്പീക്കറെക്കൊണ്ടു പറയിച്ച് പ്രതിപക്ഷത്തിന്റെ വായ് മൂടിക്കെട്ടാൻ ശ്രമിക്കുന്നതെന്നാരോപിച്ച് നടുത്തളത്തിലിറങ്ങി പ്രതിപക്ഷം ബഹളംവച്ചതോടെ 22 മിനിറ്റിനുള്ളിൽ ശൂന്യവേളയിലെ സ്വകാര്യ അറിയിപ്പുകൾ അവസാനിപ്പിച്ചു സഭ പിരിഞ്ഞു.

ടി.പി. വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പു കൈയാളുന്ന മുഖ്യമന്ത്രി പറയേണ്ട മറുപടി സ്പീക്കർ എ. എൻ. ഷംസീർ പറഞ്ഞതുവഴി നിയമസഭയോടും ജനാധിപത്യത്തോടുമുള്ള അവഹേളനമാണു സ്പീക്കർ നടത്തിയതെന്നു പ്രതിപക്ഷം പിന്നീട് പത്രസമ്മേളനത്തിൽ ആരോപിച്ചു.

ചോദ്യോത്തരത്തിനു ശേഷം ശൂന്യവേള രാവിലെ 10 മണിക്കു തുടങ്ങിയപ്പോൾതന്നെ അടിയന്തര പ്രമേയ നോട്ടീസ് വിഷയം സ്പീക്കർ പരാമർശിച്ചു. ടി.പി. കേസ് പ്രതികൾക്കു ശിക്ഷാ ഇളവു നൽകുന്നതിനുള്ള ഒരു നടപടിയും സർക്കാർ ഭാഗത്തുനിന്നു നടക്കാത്ത സാഹചര്യത്തിൽ ഇക്കാര്യം അടിയന്തര പ്രമേയമായി സഭയിൽ അവതരിപ്പിക്കാൻ കഴിയില്ലെന്നു നിയമസഭാ ചട്ടം 52 (5) ഉദ്ധരിച്ചു സ്പീക്കർ പറഞ്ഞു. നോട്ടീസ് നൽകിയ കെ.കെ. രമയുടെ പേരു പോലും പറയാതെ നോട്ടീസ് തള്ളിയതായും സ്പീക്കർ പറഞ്ഞു. ഇതോടെ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എഴുന്നേറ്റ് പ്രതികളെ മോചിപ്പിക്കാൻ സർക്കാർ ഭാഗത്ത